"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗവൺമെന്റ് സെക്രട്ടേറിയറ്റ് - നിയമ വകുപ്പ് - കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാരും പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരാത്തവരുമായ പബ്ലിക്ക് റിലേഷൻസ് ഓഫീസറായ ശ്രീ. പി.എം. ബിനുകുമാർ, നൈറ്റ് വാച്ച്മാൻ ആയ ശ്രീ. ആർ. അജിത് കുമാർ എന്നിവരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തുന്നത്തുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.17/2026/LAW തീയതി,തിരുവനന്തപുരം, 25-02-2026

---

പരാമർശം:-

1. 02.06.2022 തീയതിയിലെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സന്റെ 355/എ3/2022/എച്ച്.ആർ.സി. നമ്പർ കത്ത്.
2. 04.03.2006 തീയതിയിലെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ Order No.145/E1/HRC/06. നമ്പർ ഉത്തരവ്.
3. 04.02.2012 തീയതിയിലെ G.O.(Ms) No.47/2012/Law. നമ്പർ ഉത്തരവ്.

**ഉത്തരവ്**

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ പരാമർശം (2) പ്രകാരം നിയമിതനായ പബ്ലിക്ക് റിലേഷൻസ് ഓഫീസറായ ശ്രീ. പി.എം. ബിനുകുമാറും പരാമർശം (3) പ്രകാരം നൈറ്റ് വാച്ച്മാൻ ജോലിയിൽ സ്ഥിരപ്പെടുത്തിയ ശ്രീ. ആർ. അജിത് കുമാറും പെൻഷൻ പദ്ധതിയിൽ ഉൾപ്പെടാത്തവരായതിനാൽ ടിയാന്മാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തണമെന്ന് പരാമർശം (1) പ്രകാരം കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാരും പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരാത്തവരുമായ പബ്ലിക്ക് റിലേഷൻസ് ഓഫീസർ ശ്രീ. പി.എം. ബിനുകുമാർ, നൈറ്റ് വാച്ച്മാൻ ശ്രീ. ആർ. അജിത് കുമാർ എന്നിവരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ജി സനൽ കുമാർ
നിയമ സെക്രട്ടറി

പകർപ്പ് -

1. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം.
2. ശ്രീ. പി.എം. ബിനുകുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ (സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, വികാസ്ഭവൻ പി.ഒ.,

തിരുവനന്തപുരം -മുഖാന്തരം)

3. ശ്രീ. ആർ. അജിത് കുമാർ, നൈറ്റ് വാച്ച്മാൻ, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ (സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം- മുഖാന്തരം)

4. അക്കൗണ്ടന്റ് ജനറൽ (എ.&ഇ.), കേരള, തിരുവനന്തപുരം.

5. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

6. സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

7. ഡി.ഡി.ഒ., നിയമ വകുപ്പ്.

8. നിയമ (അക്കൗണ്ടസ്) വകുപ്പ്.

9. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

10. ബഹു.നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

11. ധനകാര്യ (പെൻഷൻ ബി) വകുപ്പ്(E.2186042)PEN-B1/41/2022-FIN dated 13/02/2026.

12.പൊതുഭരണ (എസ്സ്.സി.) വകുപ്പ്. (ബഹു. മന്ത്രിസഭായോഗ തീരുമാനം 24/02/2026 തീയതിയിലെ ഇനം നം.3728)

13. നിയമ സെക്രട്ടറിയുടെ പി.എ.

14. അഡീഷണൽ നിയമ സെക്രട്ടറിയുടെ സി.എ., നിയമ (എച്ച്) വകുപ്പ്.

ഉത്തരവിൻ പ്രകാരം,

**Signed by Justin J P**
**Date: 25-02-2026 21:37:22**

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 24-02-2026**

ഫയൽ നം. 102/എച്ച്3/2022/നിയമം. ഇനം നം: 3728

വിഷയം : നിയമ വകുപ്പ് - കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാരായ പബ്ലിക് റിലേഷൻസ് ഓഫീസറായ ശ്രീ. പി. എം. ബിനുകുമാറിന്റെയും നൈറ്റ് വാച്ച്മാൻ ആയ ശ്രീ. ആർ. അജിത് കുമാറിന്റെയും വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

3728

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | നം.102/എച്ച്3/2022/നിയമം |
| 2. | വകുപ്പ് | | നിയമ (എച്ച്) വകുപ്പ് |
| 3. | വിഷയം | : | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാരായ പബ്ലിക് റിലേഷൻസ് ഓഫീസറായ ശ്രീ. പി. എം. ബിനുകുമാറിന്റെയും നൈറ്റ് വാച്ച്മാൻ ആയ ശ്രീ. ആർ. അജിത് കുമാറിന്റെയും വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തുന്നതു – സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02/02/2026<br>(File No. PEN-B1/41/2022-FIN) |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല<br>ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്. രാജീവ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ജി. സനൽ കുമാർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.02.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാരും പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരാത്തവരുമായ പബ്ലിക് റിലേഷൻസ് ഓഫീസറായ ശ്രീ. പി.എം. ബിനുകുമാർ, നൈറ്റ് വാച്ച്മാനായ ശ്രീ. ആർ. അജിത്കുമാർ, എന്നിവരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തുന്നതു സംബന്ധിച്ചിട്ടുള്ളതാണ് ഈ കുറിപ്പ്.

2) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറിയുടെ 04/03/2006 –ലെ 145/E1/H.R.C./2006 നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം ശ്രീ. പി.എം. ബിനുകുമാറിനെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ പബ്ലിക് റിലേഷൻസ് ഓഫീസറായി നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. 26/10/1999 മുതൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നൈറ്റ് വാച്ച്മാനായി ജോലി ചെയ്തുവന്നിരുന്ന ശ്രീ ആർ. അജിത് കുമാറിനെ 04/02/2012 –ലെ സ.ഉ.(കൈ)നം.47/2012/നിയമം നമ്പർ ഉത്തരവു പ്രകാരം പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്.

3) മേൽ പരാമർശിച്ച ജീവനക്കാർക്ക് പെൻഷൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നിന്നുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിരുന്നതും (ഫയൽ നം.27/എച്ച്3/2014/നിയമം ) ആയതിനു 03.07.2014 –ലെ അനൗദ്യോഗിക ഫയൽ നം.44831/പെൻ.ബി1/2014/ധന. പ്രകാരം ധനകാര്യ വകുപ്പ് താഴെപറയുന്ന അഭിപ്രായം സഹിതം ഫയൽ മടക്കിനൽകിയിട്ടുള്ളതാണ്.

***"13.08.1998–ലെ സ.ഉ. (അ) 376/98/നിയമം പ്രകാരമുള്ള കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്ന പ്രകാരമായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എപ്രകാരമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. കൂടാതെ പ്രസ്തുത ഉത്തരവിന്റെ Schedule I ൽ നിന്നും ഡെപ്യൂട്ടേഷൻ മുഖേന ജീവനക്കാരെ***

**നിയമിക്കുന്നതിനാണ് തീരുമാനം എന്നും വ്യക്തമാണ്. പ്രസ്തുത ഉത്തരവിന് പിന്നീട് ഭേദഗതി വരുത്തി ഒരു പി ആർ ഒ, പാർട് ടൈം സ്വീപ്പർ, നൈറ്റ് വാച്ച്മാൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയാണുണ്ടായത്. സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് കൊണ്ട് പ്രവർത്തിക്കുന്ന കമ്മീഷനുകൾ കെ എസ് ആർ പ്രകാരമുള്ള പെൻഷൻ പദ്ധതി ആവിഷ്കരിക്കുന്നത് സർക്കാരിന് കനത്ത ബാദ്ധ്യത വരുത്തി വയ്ക്കുകയും മാത്രമല്ല സർക്കാരിന്റെ പെൻഷൻ ബാധ്യത അധികരിക്കുന്ന സാഹചര്യം ആസന്നമായിരിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ 01.04.2013 മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് NPS നടപ്പിലാക്കി കഴിഞ്ഞു. ഇക്കാര്യങ്ങൾ പരിഗണിയ്ക്കുമ്പോൾ റവന്യൂ ചിലവിനത്തിലുള്ള അധിക ചിലവ് സർക്കാരിന് നിലവിൽ ഉൾക്കൊള്ളാനാവില്ല. ആയതിനാൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ സ്ഥിരപ്പെട്ടുത്തപ്പെട്ട ജീവനക്കാർക്ക് കെ എസ് ആർ ഭാഗം III പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിയ്ക്കാനാവില്ലായെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."**

4) പ്രസ്തുത തീരുമാനം 17.07.2014 –ലെ 27/എച്ച്3/14/നിയമം. നമ്പർ കത്ത് പ്രകാരം ബഹു. കമ്മീഷനെ അറിയിച്ചിട്ടുള്ളതാണ്. തുടർന്ന് 04.08.2014 –ലെ കത്ത് പ്രകാരം ബഹു. കമ്മീഷൻ ചെയർപേഴ്സൺ സർക്കാരിന്റെ 03.07.2014 –ലെ തീരുമാനം പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. തുടർന്ന് ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയും 06.11.2014 തീയതിയിലെ u.o.f. no. പെൻഷൻ ബി1/61/2014/ധന. പ്രകാരം ധനകാര്യ വകുപ്പ് അഭിപ്രായം രേഖപ്പെടുത്തി ഫയൽ നൽകിയിട്ടുള്ളതാണ്.

***"13.08.1998-ലെ സ.ഉ. (അ) 376/98/നിയമം പ്രകാരമുള്ള കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ചട്ടങ്ങളിലെ ചട്ടം 13(b) പ്രകാരം ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്ന പ്രകാരമായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എപ്രകാരമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് കൊണ്ട് പ്രവർത്തിക്കുന്ന കമ്മീഷനുകൾ കെ എസ് ആർ പ്രകാരമുള്ള പെൻഷൻ പദ്ധതി ആവിഷ്കരിക്കുന്നത് സർക്കാരിന് കനത്ത സാമ്പത്തിക ബാദ്ധ്യത വരുത്തി വയ്ക്കും. അപ്രകാരം ഏതെങ്കിലും കേസുകളിൽ അനുവദിച്ചാൽ ആയത് ഒരു കീഴ്വഴക്കമാകുവാനിടയുണ്ട്. സർക്കാരിന്റെ പെൻഷൻ ബാദ്ധ്യത ക്രമാതീതമായി വർദ്ധിച്ചു വരികയും ആയത് ശമ്പള ബാധ്യതയെ അധികരിക്കുന്ന സാഹചര്യം ആസന്നമായിരിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ 01.04.2013 മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് NPS നടപ്പിലാക്കി കഴിഞ്ഞു. ഈ വിഭാഗം ജീവനക്കാർക്ക് കെ എസ് ആർ ഭാഗം III ബാധകമല്ല. ഇത് കൂടാതെ ഇതു പോലെയുള്ള ധാരാളം കമ്മീഷനുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. മാത്രമല്ല സർക്കാരിന്റെ സഹായം കൊണ്ട് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരും ഇതു പോലെയുള്ള ആവശ്യങ്ങളുമായി വരും. ഇക്കാരണങ്ങളാൽ ടി വിഷയത്തിൽ ധനകാര്യ വകുപ്പ് മുൻ അഭിപ്രായത്തിൽ ഉറച്ചു നിൽക്കുന്നുവെന്ന് നിയമ വകുപ്പിനെ അറിയിക്കുന്നു"***

5) തുടർന്നും മേൽ വിഷയം പലഘട്ടങ്ങളിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും വിഷയം 13/01/2016 തീയതിയിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതും

അന്നേദിവസം മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ (ഇനം-8040) പ്രകാരം ചുവടെ പറയുന്ന തീരുമാനത്തോട്ടുകൂടി ഫയൽ മടക്കി ലഭിച്ചിട്ടുള്ളതാണ്.

**" പിൻവലിച്ചു "**

6) 27.12.2019 -ലെ 19808/സി.ആർ./എ 3/2019/എച്ച്.ആർ.സി. നമ്പർ കത്ത് പ്രകാരം പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസ്തുത ജീവനക്കാരുടെ നിവേദനം അനുകൂല തീരുമാനത്തിനായി അയച്ചു തന്നിട്ടുള്ളതാണ്. തുടർന്ന് ഫയൽ ബഹു. നിയമ വകുപ്പ് മന്ത്രി മുഖാന്തിരം ധനകാര്യ വകുപ്പിന് ചംക്രമണം ചെയ്യുകയും u.of.no.1759820/EXP.B4/87/2021-FIN dated 08/07/2021 പ്രകാരം താഴെ പറയും പ്രകാരം അഭിപ്രായം നൽകിയിട്ടുള്ളതാണ്.

***"Administrative Department is informed that 'Finance' sticks to its earlier stand that permanent employees in Kerala State Human Right Commission cannot be allowed pension as per KSR Part III.***

**This has the approval of Honourable Minister (Finance)"**

7) പ്രസ്തുത വിവരം ബഹു. കമ്മീഷനെ 30.03.2022 തീയതിയിലെ 06/എച്ച്3/2020/നിയമം നമ്പർ കത്ത് മുഖാന്തിരം അറിയിച്ചിട്ടുള്ളതാണ്.

8) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ അംഗീകൃത തസ്തികകളായ പബ്ലിക് റിലേഷൻസ് ഓഫീസർ, നൈറ്റ് വാച്ച്മാൻ എന്നീ തസ്തികകളിൽ നിയമിതരായിട്ടുള്ള ശ്രീ. പി. എം. ബിനുകുമാർ, ശ്രീ. ആർ. അജിത് കുമാർ എന്നിവർക്ക് കേരള സർവ്വീസ് ചട്ടം ഭാഗം 3 പ്രകാരം പെൻഷൻ അനുവദിക്കണമെന്ന പ്രൊപ്പോസൽ നിരസിച്ചതിനെ തുടർന്ന് ആയത് പുനഃപരിശോധിക്കുകയോ അല്ലാത്ത പക്ഷം പെൻഷൻ ഇല്ലാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരെ പോലെ പെൻഷൻ പ്രായം 56 -ൽ നിന്ന് 60 ആയി ഉയർത്തുകയോ ചെയ്യണമെന്ന് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ( ജസ്റ്റിസ് ആന്റണി ഡൊമിനിക്ക്) 02/06/2022 തീയതിയിലെ 355/A3/2022/HRC നമ്പർ കത്തു പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

9) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാർക്ക് KSR ഭാഗം -III അനുസരിച്ച് പെൻഷന് അർഹത സംബന്ധിച്ച് അഭിപ്രായത്തിനായി ഫയൽ നിയമ (ഒപീനിയൻ-ഇ) വകുപ്പിനു കൈമാറുകയും പ്രസ്തുത വകുപ്പ് താഴെപറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി ഫയൽ മടക്കി നൽകിയിട്ടുള്ളതാണ്. അതായത് :-

**"1993-ലെ മനുഷ്യാവകാശസംരക്ഷണ നിയമത്തിലെ 27-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് ആവശ്യമെന്നു കരുതുന്ന ഭരണപരവും സാങ്കേതികവും ശാസ്ത്രീയവുമായ സ്റ്റാഫിനെ നിയമിക്കാവുന്നതാണെന്നും ഇപ്രകാരം നിയമിക്കപ്പെട്ട**

ഉദ്യോഗസ്ഥരുടെയും മറ്റ് സ്റ്റാഫിന്റെയും ശമ്പളവും സേവനഉപാധികളും സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 13 (5) പ്രകാരം സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ഉദ്യോഗസ്ഥൻമാർക്കും മറ്റ് ജീവനക്കാർക്കും സമാന ശമ്പള സ്കെയിലിലുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ എല്ലാ ബത്തകൾക്കും ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിയ്ക്കുന്നതാണ് എന്നും നിയമനത്തിലുള്ള പ്രായപരിധി, പ്രൊബേഷൻ, ശമ്പളവും ബത്തകളും, അച്ചടക്ക നടപടി, ആനുകൂല്യങ്ങളും അവകാശങ്ങളും, ഉദ്യോഗത്തിൽ നിന്നും വിരമിക്കുന്നതിനുള്ള പ്രായം എന്നിവ സംബന്ധിച്ച സംഗതികളിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ഉദ്യോഗസ്ഥന്മാരേയും മറ്റ് ജീവനക്കാരേയും സംസ്ഥാന സർക്കാരിന്റെ സർവ്വീസിലെ തുല്യ തസ്തികകൾ വഹിയ്ക്കുന്ന ആളുകൾക്ക് ബാധകമായ ചട്ടങ്ങൾ നിയന്ത്രിയ്ക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം I & II പ്രകാരമുള്ള സേവനവേതന വ്യവസ്ഥകളും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദനീയമായിട്ടുള്ള ജനറൽ പ്രൊവിഡന്റ് ഫണ്ട്, എസ്എൽഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് തുടങ്ങിയ ആനുകൂല്യങ്ങളും ബാധകമാക്കിയിട്ടുണ്ട്.

2. സംസ്ഥാന മനുഷ്യവകാശ കമ്മീഷൻ ചട്ടങ്ങളിലെ 13-ാം ചട്ടപ്രകാരം കമ്മീഷനിലെ ജീവനക്കാരുടെ എണ്ണം, നിയമന രീതി,ശമ്പള സ്കെയിൽ എന്നിവ പ്രസ്തുത ചട്ടങ്ങളിലെ 1-ാം പട്ടികയിൽ വിനിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ളത് പ്രകാരമോ കാലാകാലങ്ങളിൽ സംസ്ഥാന സർക്കാരിനാൽ തീരുമാനിയ്ക്കപ്പെടുന്നത് പ്രകാരമോ ആയിരിയ്ക്കുന്നതാണ്. എന്നാൽ 1-ാം പട്ടിക പ്രകാരം ഉള്ള ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാരിന്റെ വിവിധ വിഭാഗങ്ങളിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ നിയമിയ്ക്കപ്പെടുന്നവരാണ്. ആയതിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിയ്ക്കപ്പെടുന്നവർ കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരവും നിയമിയ്ക്കപ്പെടുന്നു. ആയതിനാൽ കമ്മീഷനിലെ സ്ഥിരം ജീവനക്കാർ എന്നത് മേൽ പ്രസ്താവിച്ചിട്ടുള്ള 1-ാം പട്ടികയിൽ ഉൾപ്പെടാത്തവരും കാലാകാലങ്ങളിൽ വിവിധ തസ്തികകളിൽ നിയമിക്കപ്പെടുകയോ സർക്കാർ ഉത്തരവുകൾ മുഖേന സ്ഥിരപ്പെടുത്തുകയോ ചെയ്തിട്ടുള്ളവരാണ്. ഇത്തരം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ എല്ലാം തന്നെ നിയന്ത്രിയ്ക്കപ്പെടുന്നത് കേരള സർവ്വീസ് ചട്ടങ്ങൾ പ്രകാരമാണ്. പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തികൊണ്ടുള്ള ഉത്തരവിൽ അവരുടെ പെൻഷൻ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് പരിശോധിയ്ക്കപ്പെടേണ്ടതാണ്.

3. സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷനും റിട്ടയർമെന്റ് ആനുകൂല്യങ്ങളും നൽകപ്പെടുന്നത് കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം III-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള ചട്ടങ്ങൾ പ്രകാരമാണ്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം-1(a) യുടെ ക്ലിപ്ത നിബന്ധന പ്രകാരം സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ഒരു പ്രത്യേക "class of employees" നെ പെൻഷന് യോഗ്യരല്ലാത്തതായി പ്രഖ്യാപിക്കാൻ

**സർക്കാരിന് കഴിയും. സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ മേൽപറഞ്ഞ തസ്തികയിലെ ജീവനക്കാരെ ഒരു "class of employees" എന്ന നിലക്ക് പരിഗണിക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് നയപരമായ തീരുമാനം ആവശ്യമാണ്. എന്നാൽ മുൻപ് ഭരണവകുപ്പ് ധനകാര്യവകുപ്പുമായി കൂടിയാലോചിച്ചുകൊണ്ട് പെൻഷൻ ഏർപ്പെടുത്തുവാൻ തീരുമാനിച്ചുവെങ്കിലും ഉചിതതലത്തിൽ തീരുമാനം കൈക്കൊണ്ടതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തുന്നത് സംബന്ധിച്ചും പ്രസ്തുത ജീവനക്കാരുടെ വിരമിയ്ക്കൽ പ്രായം വർദ്ധിപ്പിയ്ക്കുന്നത് സംബന്ധിച്ചും സർക്കാർ തലത്തിൽ നയപരമായ തീരുമാനമാണ് ആവശ്യമെന്നും അതിനുള്ള നടപടി സ്വീകരിക്കുന്നതാവും ഉചിതമെന്ന് നിയമ (എച്ച്) വകുപ്പിനെ അറിയിക്കാവുന്നതാണ്."**

10) മേൽസാഹചര്യത്തിൽ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാരായ ശ്രീ.പി.എം.ബിനുകുമാർ, ശ്രീ.ആർ.അജിത് കുമാർ, എന്നിവർക്ക് പെൻഷൻ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ധന വകുപ്പ് അനുകൂല നിലപാട് സ്വീകരിക്കാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞവരുടെ വിരമിക്കൽ പ്രായം 60 ആയി ഉയർത്താമോയെന്നതിൽ ഉത്തരവിനായി ഫയൽ ചീഫ് സെക്രട്ടറിയും ബഹു.നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി എന്നിവർ മുഖേന ബഹു.ധന വകുപ്പ് മന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ചീഫ് സെക്രട്ടറി താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി ഫയൽ ധനകാര്യ വകുപ്പിനു കൈമാറിയിട്ടുള്ളതാണ്.

**" As per G.O (P) No 441/2012/Fin dated 8th August 2012, read with G.O (P) No.20/2013/Fin dated 7th January,2013, all employees appointed on or after 1st day of April 2013 have been brought under National Pension System subject to certain conditions. In the budget speech 2013-14, it has been announced that the age of retirement of all those who are appointed in Government Service on or after 1st day of April 2013, who are members of NPS, will be raised to 60 years.**

**FD may examine the proposal in this file in light of the facts above and put up. "**

11) തുടർന്ന് u.of.no.2186042 PEN-B1/41/2022-FIN dated 13.02.2026 മുഖേന താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി ഫയൽ മടക്കിനൽകിയിട്ടുള്ളതാണ്.

നിയമ (എച്ച്) വകുപ്പിനെ ചുവടെ നൽകും പ്രകാരം അറിയിക്കാവുന്നതാണ്:

- സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ 02.06.2022-ൽ സമർപ്പിച്ച 355/എ 3/2022/എച്ച്.ആർ.സി നമ്പർ കത്തിലേക്ക് നിയമ (എച്ച്) വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.
- പ്രസ്തുത കത്തിലെ ശിപാർശ പ്രകാരം, പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരാത്ത ജീവനക്കാരുടെ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയത്തിൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു

ഇതിന് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്. (02.02.2026) "

## തീരുമാനിക്കേണ്ട സംഗതി

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാരും പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരാത്തവരുമായ പബ്ലിക് റിലേഷൻസ് ഓഫീസറായ ശ്രീ. പി.എം. ബിനുകുമാർ, നൈറ്റ് വാച്ച്മാനായ ശ്രീ. ആർ. അജിത്കുമാർ, എന്നിവരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്താമോ ?